ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : അത് ഒരു അന്വേഷണം കൂടാതെ തന്നെ ബോധ്യപ്പെടുന്ന കാര്യമാണ്. മലപ്പുറം ജില്ലയിൽ ഭൂരിപക്ഷം തദ്ദേശ ഭരണസ്ഥാപനങ്ങളും താങ്കളുടെ പാർട്ടിയാണെന്നുള്ളത് വസ്തുതയാണല്ലോ. അവിടെ ജയിച്ചിട്ടുള്ള പ്രതിപക്ഷ വാർഡുകളിൽ ചില്ലിക്കാശ് ചെലവഴിക്കുന്നില്ല എന്നുള്ള വസ്തുത എന്നെക്കാളധികം താങ്കൾക്കറിയാമല്ലോ. അതുകൊണ്ട് ..... (ബഹളം) ..... ആ അടിസ്ഥാനത്തിൽ പെരിന്തൽമണ്ണയല്ല ഏതു പഞ്ചായത്തിനെ സംബന്ധിച്ചും കേരളത്തിലുള്ള 214 തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് കൊടുത്തിട്ടുള്ള നിർദ്ദേശമനുസരിച്ച്, ആ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ വിവിധ വാർഡുകളിൽ ഏത് രാഷ്ട്രീയ പാർട്ടി ജയിച്ചു എന്നുള്ളതല്ല, ഗവൺമെന്റ് കൊടുക്കുന്ന ഫണ്ട് ആ പ്രദേശത്തുള്ള ജനങ്ങളുടെ വികസനത്തിനുവേണ്ടി ചെലവഴിക്കാനുള്ളതാണ്. ആ അടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കണം. വിവേചനം പാടില്ലെന്നാണ് ഗവൺമെന്റ് പറഞ്ഞത്. അതിൽനിന്ന് വ്യത്യസ്തമായ കാര്യങ്ങൾ എന്റെ ശ്രദ്ധയിൽവരുന്നതു പരിശോധിച്ചിട്ടുണ്ട്. തെറ്റ് കണ്ടിടത്ത് തിരുത്താനായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതാണ് ഗവൺമെന്റ് ചെയ്തിട്ടുള്ളത്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും ഉത്തരങ്ങളും

ലക്ഷംവീടുകൾക്ക് പട്ടയം

4 (*560) ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇനിയും പട്ടയം ലഭിക്കുവാനുള്ള എത്ര ലക്ഷം വീടുകളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ബി) ഓരോ താലൂക്കിലും എത്രവീതമുണ്ടെന്ന് അറിയിക്കുമോ;

(സി) അവയ്ക്ക് പട്ടയം കൊടുക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഉണ്ട്. സംസ്ഥാനത്ത് ലക്ഷംവീട് പദ്ധതിയിൽ ഇനി 1503 വീടുകൾക്ക് പട്ടയം നൽകുവാനുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഉണ്ട്. അവശേഷിക്കുന്ന ലക്ഷംവീടുകൾക്ക് ഉടൻ പട്ടയം നൽകുന്നതിന് ഉള്ള നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എസ്. ജോൺ : അത് മെമ്പർ പറഞ്ഞത് വളരെ അത്യാവശ്യമായിട്ടുള്ള കാര്യമാണ്. പെൻഷൻ പ്രായം നിശ്ചയിക്കണം, ഒരു കാരണവശാലും ഒരു 70-ൽ അപ്പുറം പോകാൻ പാടില്ല.

ശ്രീ. കെ.സി. ജോസഫ് : മുഖ്യമന്ത്രി ഉണ്ടല്ലോ?

ശ്രീ. ടി.എസ്. ജോൺ : മുഖ്യമന്ത്രി എക്സംപ്ഷനിലാണ്, എല്ലാത്തിനും എക്സംപ്ഷൻ ഉണ്ടല്ലോ. സുപ്രീം കോടതി ജഡ്ജിക്ക്, കോൺസ്റ്റിറ്റ്യൂഷൻ ഫണ്ടമെന്റൽ റൈറ്റ്സിന് ഒക്കെ എക്സംപ്ഷൻ ഇല്ലേ,

For everything exemption can be given to the Chief Minister. He is now energetic.

മനസ്സിലായോ? അപ്പോൾ കഴിവും പ്രാപ്തിയും ആരോഗ്യവും ഉള്ളവർക്ക് എക്സംപ്ഷൻ കൊടുക്കേണ്ടതാണ്. അത് പശ്ചിമബംഗാളിലും അങ്ങനെതന്നെയാണ്.

മി. സ്പീക്കർ : ശ്രീ. ടി.എസ്. ജോണിന് അടുത്ത ദിവസം ചർച്ച തുടരാം.

ഓർഡർ, ഓർഡർ. സഭ ഇപ്പോൾ പിരിയുന്നതും 27.03.2000 തിങ്കളാഴ്ച രാവിലെ 8.30ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2000 മാർച്ച് മാസം 27-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30ന് പിരിഞ്ഞു.)

അനുബന്ധം I

(ചോദ്യം 4(*560) കാണുക)

തിരുവനന്തപുരം ജില്ല		
തിരുവനന്തപുരം	-	2
നെടുമങ്ങാട്	-	18
		20
കൊല്ലം ജില്ല		
കൊല്ലം	-	119
പത്തനാപുരം	-	189
കരുനാഗപ്പള്ളി	-	13
കൊട്ടാരക്കര	-	77
		398
പത്തനംതിട്ട ജില്ല		
കോഴഞ്ചേരി	-	10
റാന്നി	-	7
		17
ആലപ്പുഴ ജില്ല		
കുട്ടനാട്	-	64
കാർത്തികപ്പള്ളി	-	11
		75
കോട്ടയം ജില്ല		
കോട്ടയം	-	8
മീനച്ചിൽ	-	4
ചങ്ങനാശ്ശേരി	-	17
		29
ഇടുക്കി ജില്ല		
പീരുമേട്	-	17

LIBRARY ARCHIVES Kerala Legislative Assembly

ദേവികുളം	-	2
ഉടുമ്പൻചോല	-	210
		229
എറണാകുളം ജില്ല		
കൊച്ചി	-	66
കണയന്നൂർ	-	37
ആലുവ	-	4
മൂവാറ്റുപുഴ	-	31
കോതമംഗലം	-	24
		162
തൃശൂർ ജില്ല		
ചാവക്കാട്	-	45
മുകുന്ദപുരം	-	88
തൃശ്ശൂർ	-	20
തലപ്പള്ളി	-	160
		313
പാലക്കാട് ജില്ല		
പാലക്കാട്	-	87
മലപ്പുറം ജില്ല		
തിരൂർ	-	51
പൊന്നാനി	-	3
തിരൂരങ്ങാടി	-	5
		59
കോഴിക്കോട് ജില്ല		
കോഴിക്കോട്	-	32
വയനാട് ജില്ല		
ഇല്ല.		
കണ്ണൂർ ജില്ല		
തലശ്ശേരി	-	73
കാസർഗോഡ് ജില്ല		
കാസർഗോഡ്	-	9

LIBRARY ARCHIVES Kerala Legislative Assembly